# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

09/08/2017 -ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 836

**ക്ഷീര കർഷകക്ഷേമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ കെ. ബാബു : | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീര കർഷകരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ക്ഷീരവികസന വകുപ്പ് 2017-2018 -ൽ താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1 ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം -495 ലക്ഷം<br>2 തീറ്റപ്പുൽകൃഷി വികസന പദ്ധതി -600 ലക്ഷം.<br>3 ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം -466 ലക്ഷം<br>4 എം.എസ്.ഡി.പി. -4179 ലക്ഷം<br>5 കാറ്റിൽ ഫീഡ് സബ്സിഡി -1400 ലക്ഷം<br>6 ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം -2585 ലക്ഷം<br>7. ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധനസഹായം -25 ലക്ഷം<br>8 വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി -25 ലക്ഷം<br>**ആകെ -9775 ലക്ഷം** |

കേരളക്ഷീര കർഷക ക്ഷേമനിധി ബോർഡ് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി താഴെ പറയുന്ന സഹായങ്ങൾ നൽകി വരുന്നു.

1) ക്ഷേമനിധി അംഗമായ ക്ഷീരകർഷകൻ പ്രതിവർഷം 500 ലിറ്റർ പാൽ അഞ്ച് വർഷം സംഘത്തിൽ അളക്കുകയും 60 വയസ്സ് പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് പെൻഷൻ അനുവദിച്ചു വരുന്നു. 500/- രൂപ നിരക്കിൽ അനുവദിച്ചിരുന്ന പെൻഷൻ ജനുവരി 2017 മുതൽ 1000/- രൂപയായും 2017 ഏപ്രിൽ മുതൽ 1,100/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

2) മരണപ്പെടുന്ന ക്ഷീരകർഷകന്റെ ആശ്രിതർക്ക് 150 രൂപ പ്രതിമാസം കുടുംബപെൻഷൻ അനുവദിച്ചു വരുന്നു, .

3) ക്ഷേമനിധി അംഗങ്ങളായ ക്ഷീര കർഷകർക്ക് ചികിത്സാ ധനസഹായവും അപകട മരണം സംഭവിക്കുന്ന ക്ഷീര കർഷകന്റെ ആശ്രിതർക്ക് 50,000 രൂപ സമാശ്വാസ ധനസഹായവും നൽകി വരുന്നു.

4) ക്ഷേമനിധി അംഗങ്ങളുടെ മരണാനന്തര ചെലവുകൾക്ക് 3,000 രൂപ അടിയന്തര ധനസഹായം നൽകി വരുന്നു.

5) ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5,000 രൂപ ധനസഹായം നൽകി വരുന്നു.

6) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി 1,000 രൂപ മുതൽ 2500 രൂപ വരെ അനുവദിച്ചു വരുന്നു.

(ബി) കടക്കെണിയിലായ ക്ഷീര കർഷകർക്കായി (ബി) ഏർപ്പെടുത്തിയ പ്രത്യേക കടാശ്വാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

2016-2017 –ൽ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി അഞ്ച് കോടി രൂപയുടെ കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കുകയും ഇതിന്റെ പ്രയോജനം 2285 കർഷകർക്ക്

| | |
|---|---|
| | ലഭ്യമാകുകകയും ചെയ്തിട്ടുണ്ട്.<br>2017-2018 –ൽ ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നില്ല. |
| (സി) ക്ഷീര കർഷകർക്ക് ഡയറിഫാം ആധുനികവൽക്കരിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (സി) ക്ഷീരവികസന വകുപ്പ് എം.എസ്.ഡി.പി. പദ്ധതിയിലൂടെ (മിൽക്ക് ഷെഡ് വികസന പദ്ധതി) ഡയറി ഫാം ആധുനികവത്കരിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്.. ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മാണം, കറവയന്ത്രം, ചാഫ് കട്ടർ, വീൽ ബാരോ, സ്പ്രിംഗ്ളർ, വാട്ടർ ഡ്രിംഗിങ് ബൗൾ സിസ്റ്റം, ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത സഹായം തുടങ്ങിയവയ്ക്കാണ് പ്രധാനമായും സഹായം നൽകുന്നത്. |
| (ഡി) സംസ്ഥാനത്ത് മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ഡി) തുടക്കം കുറിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്ന പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു.കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ കന്നുകാലി മിഷന്റെ കീഴിൽ "*Risk Management and Insurance*" എന്ന ഘടകത്തിൽ 2016-2017 ൽ 104.28 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി. സംസ്ഥാന വിഹിതം 69.52 ലക്ഷം രൂപ കൂടി ലഭ്യമാക്കി മൊത്തം 173.8 ലക്ഷം അനുവദിച്ചിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നൽകി കന്നുകാലികൾക്ക് സംരക്ഷണം നൽകുന്നതിനും അതു വഴി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം20932 കറവപശുക്കളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

2017-18 ബഡ്ജറ്റിൽ സംസ്ഥാനത്തെ
മുഴുവൻ കന്നുകാലികൾക്കും സൗജന്യ
നിരക്കിലുള്ള ഇൻഷ്വറൻസ് സംവിധാനം
ഏർപ്പെടുത്തുന്നതിന് " ഗോസമൃദ്ധി
പദ്ധതിയ്ക്കായി " അഞ്ച് കോടി രൂപ
വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം
60000 ഉരുക്കളെ ഇൻഷ്വർ ചെയ്യാൻ
കഴിയും.

സെക്ഷൻ ഓഫീസർ.

836.